# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3742 17.12.2015 ൽ മറുപടിയ്ക്ക്

## ശബരിമലയിൽ ഭണ്ഡാര പണം മോഷണം

**ചോദ്യം**

ശ്രീ.കെ.കെ.നാരായണൻ

(എ) ശബരിമലയിൽ ഭണ്ഡാര പണം മോഷണം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിന് മുമ്പ് പ്രസ്തുത വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) അടുത്തിടെ നടന്ന മോഷണം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) ഈ സർക്കാരിന്റെ കാലത്ത് 30.12.2014 മുതൽ 14.01.2015 വരെയുള്ള കാലയളവിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ശബരിമല ദേവസ്വം ഭണ്ഡാരത്തിൽ നിന്നുമുള്ള പണാപഹരണം സംബന്ധിച്ച് സന്നിധാനം പോലീസ് സ്റ്റേഷനിൽ 16/1/2015 തീയതിയിൽ ക്രൈം നമ്പർ 8/15 u/s 381, 34 IPC നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും, ഇതുമായി ബന്ധപ്പെട്ട് ജോലി നോക്കി വന്നിരുന്ന 6 ദേവസ്വം ജീവനക്കാർക്കെതിരെ അന്വേഷണം നടത്തുകയും, മോഷണ മുതൽ കണ്ടെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിരുന്നു. ടി കേസ് പിന്നീട് ക്രൈംബ്രാഞ്ചിന് കൈമാറുകയും എന്നാൽ പ്രസ്തുത കേസിൻമേൽ വിജിലൻസ് അന്വേഷണമാണ് ഉചിതമെന്ന ക്രൈം എ.ഡി.ജി.പി യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേസന്വേഷണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. ടി സംഭവത്തിനു മുമ്പ് ഈ സർക്കാരിന്റെ കാലത്ത് മോഷണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

17/12/15

സെക്ഷൻ ഓഫീസർ